**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2259** **13-09-2023 - ൽ മറുപടിയ്ക്ക്**

**സോഷ്യൽ മീഡിയ വഴിയുള്ള അപവാദ പ്രചാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സോഷ്യൽ മീഡിയയിൽ നേരിട്ട അപവാദ പ്രചരണങ്ങൾക്കെതിരെ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 349/Ptn./CCPS/DR/22 നമ്പർ പെറ്റീഷനിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | ബഹു.കുറ്റ്യാടി എം.എൽ.എ കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർക്കെതിരെ സോഷ്യൽ മീഡിയ വഴി വ്യാജവാർത്ത പ്രചരിപ്പിച്ചതിന് CMO Portal മുഖേന കോഴിക്കോട് റൂറൽ പോലീസ് ജില്ലയിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതി 349/ptn./CCPS/DR/22 നമ്പർ പ്രകാരം പെറ്റീഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>പരാതി പ്രകാരമുള്ള കൃത്യം ചെയ്തയാളെ കണ്ടെത്തുന്നതിലേക്കായി പരാതിയോടൊപ്പം നൽകിയിട്ടുള്ള വിശദാംശങ്ങൾ സഹിതം Facebook legal authority ക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ MLAT(Mutual Legal Assistance Treaty)/ Letter Rogatory പ്രകാരം സമീപിച്ചാൽ മാത്രമേ വിവരങ്ങൾ നൽകാൻ കഴിയുകയുള്ളൂ എന്ന് ' Facebook legal enforcement authority അറിയിച്ചിരുന്നു, ടി വിവരം പരാതിക്കാരനായ ബഹു.കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എം.എൽ.എ യെ ഇ-മെയിൽ മുഖാന്തിരം അറിയിച്ചിട്ടുണ്ട്.<br><br>ഇത്തരം പരാതികൾ ലഭിച്ചാൽ കൃത്യം ചെയ്തയാളെ കണ്ടെത്തുന്നതിലേക്കായി പരാതിയോടൊപ്പം നൽകിയിട്ടുള്ള വിശദാംശങ്ങൾ (URL with Screenshot) സഹിതം പ്രസ്തുത ID യും പോസ്റ്റും നീക്കം ചെയ്യാനും കൂടാതെ IP അഡ്രസ്സ് ലഭിക്കുന്നതിനുമായി പരാതിയ്ക്കിടയായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിന്റെ legal enforcement authority ക്ക് അപേക്ഷ നൽകുകയും ആയതിന് മറുപടി ലഭിക്കുന്ന മുറയ്ക്കാണ് തുടർ നിയമ നടപടികൾ സ്വീകരിച്ചുവരുന്നത്. നിലവിൽ ഇത്തരം പരാതികളിൽ അപകീർത്തിപ്പെടുത്തൽ കുറ്റം മാത്രമാണ് നിലനിൽക്കുന്നത്. 2015 മാർച്ചിൽ ബഹു.സുപ്രീം കോടതി Sec.66A of IT ACT റദ്ദ് ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ കേരളാ പോലീസ് ആക്ടിലെ സെക്ഷൻ 120(o), 500 IPC എന്നീ വകുപ്പുകൾ Non-Cognizable- Offence ആണ്. അതിനാൽ ഇത്തരം സന്ദർഭങ്ങളിൽ പരാതിക്കാരൻ കൂടുതൽ പരാതികൾ ഉന്നയിച്ചാൽ പരിഹാരം കാണുന്നതിനായി അധികാര പരിധിയിലുള്ള ബഹു. കോടതിയെ സമീപിക്കുവാനും പരാതിക്കാരെ അറിയിക്കുകയും ചെയ്തു വരുന്നു. |
| (ബി) | ഇത്തരത്തിൽ തെറ്റിദ്ധാരണ ഉണ്ടാക്കുന്ന സന്ദേശങ്ങൾ പ്രചരിപ്പിച്ചവർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | ബഹു.കുറ്റ്യാടി എം.എൽ.എ കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർക്കെതിരെ സോഷ്യൽ മീഡിയ വഴി വ്യാജവാർത്ത പ്രചരിപ്പിച്ചതിന് CMO Portal മുഖേന കോഴിക്കോട് റൂറൽ പോലീസ് ജില്ലയിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതി 349/ptn./CCPS/DR/22 നമ്പർ പ്രകാരം പെറ്റീഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>പരാതി പ്രകാരമുള്ള കൃത്യം ചെയ്തയാളെ കണ്ടെത്തുന്നതിലേക്കായി പരാതിയോടൊപ്പം നൽകിയിട്ടുള്ള വിശദാംശങ്ങൾ സഹിതം Facebook legal authority ക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ MLAT(Mutual Legal Assistance Treaty)/ Letter Rogatory പ്രകാരം സമീപിച്ചാൽ മാത്രമേ വിവരങ്ങൾ നൽകാൻ കഴിയുകയുള്ളൂ എന്ന് ' Facebook legal enforcement authority അറിയിച്ചിരുന്നു, ടി വിവരം പരാതിക്കാരനായ ബഹു.കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എം.എൽ.എ യെ ഇ-മെയിൽ മുഖാന്തിരം അറിയിച്ചിട്ടുണ്ട്.<br><br>ഇത്തരം പരാതികൾ ലഭിച്ചാൽ കൃത്യം ചെയ്തയാളെ കണ്ടെത്തുന്നതിലേക്കായി പരാതിയോടൊപ്പം നൽകിയിട്ടുള്ള വിശദാംശങ്ങൾ (URL with Screenshot) സഹിതം പ്രസ്തുത ID യും പോസ്റ്റും നീക്കം ചെയ്യാനും കൂടാതെ IP അഡ്രസ്സ് ലഭിക്കുന്നതിനുമായി പരാതിക്കിടയായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിന്റെ legal enforcement authority ക്ക് അപേക്ഷ നൽകുകയും ആയതിന് മറുപടി ലഭിക്കുന്ന മുറയ്ക്കാണ് തുടർ നിയമ നടപടികൾ സ്വീകരിച്ചുവരുന്നത്. നിലവിൽ ഇത്തരം പരാതികളിൽ അപകീർത്തിപ്പെടുത്തൽ കുറ്റം മാത്രമാണ് നിലനിൽക്കുന്നത്. 2015 മാർച്ചിൽ ബഹു.സുപ്രീം കോടതി Sec.66A of IT ACT റദ്ദ് ചെയ്തിട്ടുള്ളതാണ്. കൂടാതെ കേരളാ പോലീസ് ആക്ടിലെ സെക്ഷൻ 120(o), 500 IPC എന്നീ വകുപ്പുകൾ Non-Cognizable- Offence ആണ്. അതിനാൽ ഇത്തരം സന്ദർഭങ്ങളിൽ പരാതിക്കാരൻ കൂടുതൽ പരാതികൾ ഉന്നയിച്ചാൽ പരിഹാരം കാണുന്നതിനായി അധികാര |

| | | | |
|---|---|---|---|
| | | | പരിധിയിലുള്ള ബഹു. കോടതിയെ സമീപിക്കുവാനും പരാതിക്കാരെ അറിയിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ